കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## മങ്കര ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
E-mail-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.17-1686/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി-18/09/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മങ്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മങ്കര ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മങ്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ.എ.പി.കെ.ഡി.17-1686/2017 തിയ്യതി:-18/09/2017

## പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 22.10.16 മുതൽ 30.6.17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : സുനിൽദാസ്.എസ്.
ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം : 25.7.2017 മുതൽ 2.8.2017 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എ.സുജാത | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | ശ്രീമതി.എം.വി.ബീന | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ജിൻസി.എസ്. | 1.4.16 മുതൽ 31.3.17 വരെ |
| സെക്രട്ടറി | ശ്രീമതി.തങ്കമണി.പി.എൻ. | 1.4.16 മുതൽ 15.7.16 വരെ |
| | ശ്രീ.ജയദാസ്.കെ. | 16.7.16 മുതൽ 31.3.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.ഹാറൂൺ ഇക്ബാൽ | 1.4.16 മുതൽ 29.7.16 വരെ |
| | ശ്രീമതി.റഷീദ ബീഗം | 30.7.16 മുതൽ 16.10.16 വരെ |
| | ശ്രീ.ആദിത്യ മോഹൻ | 17.10.16 മുതൽ 31.3.17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ശാലിനി.വി. | 1.4.16 മുതൽ 31.8.16 വരെ |
| | ശ്രീ.സഫീർ.എസ്. | 1.9.16 മുതൽ 31.3.17 വരെ |

| | | |
|---|---|---|
| പ്രധാനാദ്ധ്യാപിക,<br><br>GLPS, കല്ലൂർ | ശ്രീമതി.ചന്ദ്രമതി | 1.4.16 മുതൽ 2.6.16 വരെ |
| | ശ്രീമതി.ഷൈലജ | 3.6.16 മുതൽ 31.3.17വരെ |
| വി.ഇ.ഒ. | ശ്രീ. ജിമ്മി ജോർജ്ജ് | 1.4.16 മുതൽ 31.3.17 വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ഹൈമാവതി.എം. | 1.4.16 മുതൽ 31.3.17 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.തങ്കമണി.പി.എൻ. | 1.4.16 മുതൽ 19.8.16 വരെ |
| | തസ്തിക ഒഴിവ് | 20.8.16 മുതൽ 29.8.16 വരെ |
| | ബി.പ്രസന്നകുമാരി | 30.8.16 മുതൽ 9.11.16 വരെ |
| | തസ്തിക ഒഴിവ് | 10.11.16 മുതൽ 2.1.17 വരെ |
| | സുരേഷ് ബാബു.എസ്. | 3.1.17 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ദീപ്തി ജോസഫ് | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ,<br><br>ഹോമിയോ | ഡോ.പ്രഭാത് | 1.4.16 മുതൽ 31.3.17 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.രജ്ജല | 1.4.16 മുതൽ 29.5.16 വരെ |
| | ഡോ.മഞ്ജുഷ മുരളി | 30.5.16 മുതൽ 11.8.16 വരെ |
| | ഡോ.ഫാത്തിമ രഹ്ന | 12.8.16 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.എം.ജയൻ | 1.4.16 മുതൽ 28.9.16 വരെ |
| | ഡോ.ശ്രീഹരി.എസ്. | 29.9.16 മുതൽ 13.12.16 വരെ |
| | ഡോ.ശ്രീലക്ഷ്മി.എം. | 14.12.16 മുതൽ 31.3.17 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ബിന്ദു | 1.4.16 മുതൽ 31.3.17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 4.3.16 തിയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 21.7.2017 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - ₹. 5623579

വരവ് - ₹. 43686722

ആകെ - ₹. 49310301

ചെലവ് - ₹. 36326366

നീക്കിയിരിപ്പ് - ₹. 12983935

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | വിനിയോഗിക്കാത്ത തുക | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8580508 | 8580508 | 5842104 | 2738404 | 0 | |
| വികസനഫണ്ട് എസ്.സി.പി. | 0 | 8650938 | 8650938 | 4014450 | 4636488 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7127982 | 7127982 | 3057530 | 4070452 | 0 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2554755 | 2554755 | 828701 | 1726054 | 0 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4811319 | 4811319 | 3735985 | 1075334 | 0 | |
| പെർഫോമൻസ് ഗ്രാന്റ്((central) | 0 | 1856661 | 185661 | 680912 | 1176749 | 0 | |
| പെർഫോമൻസ് ഗ്രാന്റ്(state) | 0 | 662322 | 662322 | 647650 | 14672 | 0 | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 107 | 41642964 | 52 | 19799311 | 55 | 48.59 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3 | 2137998 | 1613988 | 75.49 |
| വെറ്ററിനറി സർജൻ | 5 | 1 | 1925785 | 157500 | 81.78 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 2 | 2 | 481253 | 262299 | 54.50 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 3 | 430000 | 429036 | 99.77 |
| വി.ഇ.ഒ. | 9 | 5 | 1888000 | 1360000 | 72.03 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 5 | 4151369 | 3398398 | 81.86 |
| പ്രധാന അധ്യാപിക | 1 | 1 | 643093 | 643093 | 100 |
| സെക്രട്ടറി | 15 | 6 | 9981103 | 3842753 | 38.50 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 54 | 21 | 15324363 | 5356704 | 34.95 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 680000 | 535540 | 78.75 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 2 | 3800000 | 2000000 | 52.63 |
| ആകെ | 107 | 52 | 41642964 | 19799311 | 47.54 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 18.62 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വർദ്ധനവ് | വർദ്ധനവ് ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 2522578 | 2800407 | 277829 | (+)11.01 |
| നികുതിയേതര വരവുകൾ + മറ്റുവരവുകൾ | 1072644 | 1464201 | 391557 | (+)36.50 |
| ആകെ | 3595222 | 4264608 | 669386 | (+)18.62 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം അനുവദിച്ചത് | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി | 2 | 1 | 1 |

| | | | | |
|---|---|---|---|---|
| | പെൻഷൻ | | | |
| 2 | തൊഴിൽ രഹിത വേതനം | 2 | 1 | 1 |
| 3 | വിധവാ പെൻഷൻ | 61 | 43 | 18 |
| 4 | വികലാംഗ പെൻഷൻ | 20 | 19 | 1 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7 | 6 | 1 |
| 6 | വാർദ്ധക്യകാല പെൻഷൻ | 453 | 206 | 247 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.7.17 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12883/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.6.17 to 12.6.17 | 1.5.2017 to 31.5.2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.5.06 to 20.5.06 | 1997-98 to 2005-06 | 23.6.2006 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക (2013-14 മുതൽ 2016-17വരെ) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | വാർഡിന്റെ പേര് | ടവറിന്റെ ഉടമ | ഇൻ സ്റ്റലേഷൻ നടത്തിയ വർഷം | ഈടാക്കേണ്ട വസ്തു നികുതി | വസ്തുനികുതി കുടിശ്ശിക (2013-14 മുതൽ 2016-17വരെ) |
|---|---|---|---|---|---|---|
| 1 | 5/44 | മാങ്കുറിശ്ശി | റിലയൻസ് | 2013-14 | 8505 | 25515 |
| 2 | 5/488 | മാങ്കുറിശ്ശി | ബി.എസ്.എൻ.എൽ | 2013-14 | 6300 | 25200 |
| 3 | 6/5 | പുന്നേക്കാട് | ബി.എസ്.എൻ.എൽ | 2013-14 | 4165 | 16500 |
| 4 | 6/438 | പുന്നേക്കാട് | റിലയൻസ് | 2016-17 | 5250 | 5250 |
| 5 | 7/498 | കാരാട്ടുപറമ്പ് | ബി.എസ്.എൻഎൽ | 2013-14 | 3938 | 15752 |
| 6 | 7/498 എ | കാരാട്ടുപറമ്പ് | ബി.എസ്.എൻ.എൽ | 2013-14 | 1248 | 4992 |
| 7 | 8/399 | മങ്കരആർ.എസ് | ഭാരതി ഇൻഫ്രാടെൽ | 2013-14 | 7088 | 7088 |
| 8 | 11/623 | അതിർക്കാട് | വയോംനെറ്റ് വർക്ക് | 2013-14 | 7980 | 7980 |
| 9 | 14/370 | കല്ലൂർ | ബി.എസ്.എൻ.എൽ | 2013-14 | 2858 | 11582 |

മൊബൈൽ ടവറുകളുടെ നാളിതു വരെയുള്ള വസ്തുനികുതി, കുടിശ്ശിക സഹിതം എത്രയും പെട്ടെന്ന് ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-2 ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ദിവസവേതനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി.

ഗ്രാമപഞ്ചായത്തിലെ ദിവസവേതനക്കാരായ ശ്രീരാമൻ, മുകുന്ദൻ എന്നിവരുടെ 2016-17 സാമ്പത്തികവർഷത്തിലെ രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽനികുതി 31.7.17 ലെ ഓഡിറ്റ്

എൻക്വയറി നമ്പർ 9 പ്രകാരമുള്ള നിർദ്ദേശത്തെ തുടർന്ന് 2.8.17 തീയതിയിലെ രസീതി നമ്പർ .യഥാക്രമം 117030100802 , 117030100801 എന്നിവ പ്രകാരം അടച്ചു.

## 2-3 നിരാക്ഷേപപത്രം സമർപ്പിച്ചിട്ടില്ലാത്ത സ്ഥാപനത്തിനും ലൈസൻസ് അനുവദിച്ചു.

2016-17 സാമ്പത്തിക വർഷത്തിൽ വിമല എം.കെ. തിരുന്നമ്മൽ വീട്, പോമിഗാർഡൻ റോഡ് , ലക്കിടി. പി.ഒ. എന്ന വ്യക്തിക്ക് ഇഷ്ടിക, റോഡ് എന്നിവയുടെ നിർമ്മാണത്തിനായി ഹൈ ക്ളേ ടെക്ക് എന്ന സ്ഥാപനം നടത്തുന്നതിനായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം അഗ്നിശമനസേനാ വകുപ്പിൽ നിന്നുള്ള ക്ളിയറൻസ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല. 1996-ലെ കേരളാ പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 12(5) പ്രകാരം മറ്റു വകുപ്പുകളിൽ നിന്നുള്ള അനുമതിപത്രങ്ങൾ ലഭ്യമായതിനുശേഷം മാത്രമെ പഞ്ചായത്തിൽ നിന്നും ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കാവൂ എന്ന് നിഷ്കർഷിക്കുന്നു. രേഖകൾ ഹാജരാക്കുന്നതിനായി സ്ഥാപന ഉടമക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് എന്ന് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8 - തീയതി 31.01.17 ) മറുപടി നൽകിയിട്ടുണ്ട്. ലൈസൻസ് അനുവദിക്കുമ്പോൾ അപേക്ഷകളോടൊപ്പം ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 2-4 വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിന്റെ നിരക്കിൽ വസ്തുനികുതി ഈടാക്കി

വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതിനായി ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിലാണ് നിർണയിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിടനം./ വാർഡ് നം. | ഡി & ഒ രജിസ്റ്ററിലെ ക്രമ നം. | ഉപയോഗം | വിസ്തീർണ്ണം ച.മീ | ബാധകമായ ഇളവ്/വർദ്ധനവ് | ഈടാക്കിയ നിരക്ക് /ഈടാക്കിയ | ഈടാക്കേണ്ട നിരക്ക് /ഈടാക്കേണ്ട | കുറവ് |
| --- | --- | --- | --- | --- | --- | --- | --- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | നികുതി | നികുതി | |
| 4/483 | 219/16-17 | പലചരക്കുകട | 93 ച.മീ | ഇളവ് -ഇല്ല<br>വർദ്ധനവ്- 20% - (വഴിസൗകര്യം) | 5<br>558 | 45<br>4278 | 3720 |
| 6/7 | 209/16-17 | ഇഷ്ടിക, ഓട് | 100 ച.മീ | ഇളവ് -ഇല്ല<br>വർദ്ധനവ്- ഇല്ല | 5<br>194 | 45<br>4500 | 4306 |
| 2/237 | 189/16-17 | Pre stressed pole casting for kseb | 50 ച.മീ | ഇളവ് -ഇല്ല<br>വർദ്ധനവ്- ഇല്ല | 5<br>30 | 45<br>2250 | 2220 |
| 2/235 | 189/16-17 | Pre stressed pole casting for kseb | 110 ച.മീ | ഇളവ് -ഇല്ല<br>വർദ്ധനവ്- ഇല്ല | 5<br>25 | 45<br>4950 | 4925 |
| 4/29 | 185/16-17 | ചകിരിച്ചോർ, ജൈവവളം | 112.5 ച.മീ | ഇളവ് -ഇല്ല<br>വർദ്ധനവ്- ഇല്ല | 5<br>82 | 45<br>5040 | 4958 |
| 2/259 | 172/16-17 | പലചരക്കുകട | 10 ച.മീ | ഇളവ് -ഇല്ല<br>വർദ്ധനവ്- ഇല്ല | 5<br>109 | 45<br>450 | 341 |

കെട്ടിടങ്ങളുടെ ഉപയോഗക്രമം ശരിയായി ഉൾപ്പെടുത്താത്തതു മൂലം വസ്തുനികുതിയിൽ സാരമായ കുറവ് വന്നിട്ടുണ്ട്. മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി വാണിജ്യാവശ്യത്തിനുള്ളവ എന്ന ഇനത്തിൽ ഉൾപ്പെടുത്തി, പുനർ നിർണ്ണയിച്ച് നിർദിഷ്ട ഇനത്തിൽ വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും നികുതി നിർണ്ണയത്തിലെ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

മങ്കര ഗ്രാമപഞ്ചായത്തിൽ പത്തിരിപ്പാല ഇലക്ട്രിക്കൽ സെക്ഷനിലാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കുന്നത്. സെക്ഷന്റെ കീഴിലുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

| തരം | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|
| സി.എഫ്.എൽ | 449 | 45 | 20205 |
| സിംഗിൾ ട്യൂബ് | 21 | 61 | 1281 |
| ഡബിൾ ട്യൂബ് | 170 | 124 | 21080 |
| സോഡിയം വേപ്പർ ലാമ്പ് | 32 | 414 | 13248 |
| സാധാരണ ബൾബ് | 328 | 61 | 20008 |

മേൽ പട്ടികയിലെ തെരുവുവിളക്കുകൾക്ക് നിലവിൽ പ്രതിമാസം 75822/- രൂപ വൈദ്യുതി ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്നുണ്ട്. കെ.എസ്.ഇ.ബി നിശ്ചയിച്ച താരിഫിന്റെ അടിസ്ഥാനത്തിലാണ് തുക ഒടുക്കുന്നത്. അതിനാൽ പ്രവർത്തിക്കാത്ത വിളക്കുകൾക്കും വൈദ്യുതചാർജ് ഒടുക്കുന്ന അവസ്ഥ ഉണ്ടാവാനിടയുണ്ട്. ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. 328 സാധാരണ ബൾബുകൾക്ക് വൈദ്യുതി ചാർജ് ഒടുക്കുന്നുണ്ട്. എന്നാൽ 2016-17 വർഷത്തിൽ സാധാരണ ബൾബുകൾ വാങ്ങുകയോ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

*ഗ്രാമപഞ്ചായത്തിലെ എല്ലാ ലാമ്പുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

*പുതിയ ലാമ്പുകൾ സ്ഥാപിക്കുമ്പോൾ ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

*തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നീ വിവരം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

* കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണ്ടെത്തി പ്രവർത്തിക്കാത്ത വിളക്കുകൾക്ക് ചാർജ് അടവാക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/2.8.17) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 3-2 ജലനിധി പദ്ധതി - പൂർത്തീകരിച്ചിട്ടില്ല

2014 -15 വർഷത്തിൽ ആരംഭിച്ചിട്ടുള്ള ജലനിധി പദ്ധതിക്കായി 42000000 രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്ക് 40000000 രൂപയുടെ ഭരണാനുമതിയും 378460000 രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്.

ജലനിധിയുമായി എഗ്രിമെന്റ് നം.RPMU/MPM/AG/40/2015,6.2.15 പ്രകാരം കരാറിലേർപ്പെട്ട് ഗ്രാമപഞ്ചായത്ത് വിഹിതം അക്കൗണ്ടിൽ നിക്ഷേപിക്കുകയും ജലനിധി ആവശ്യപ്പെടുന്ന മുറക്ക് തുക അനുവദിക്കുകയും ചെയ്യുന്നു.

ജലനിധിക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിനായി പ്രൊജക്ട് നം.28/17 പ്രകാരം 2016-17 വർഷത്തിൽ വികസനഫണ്ടിൽനിന്നും 3000000/-രൂപ പിൻവലിച്ച് 35275565923/എസ്.ബി.ഐ -ജലനിധി എന്ന ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

ട്രഷറി ബിൽ നം.12/23.1.17, തുക-2000000

ട്രഷറി ബിൽ നം.20/29.3.17, തുക-1000000

പാസ് ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം പിൻവലിച്ച തുകയിൽനിന്നും ചെലവൊന്നും നടന്നിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായി 18.5.17 തീയതിയിൽ ലഭിച്ച 2200000/- രൂപയും ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

ജലനിധി അക്കൗണ്ടിൽ നിന്നും ചെലവഴിക്കുന്ന തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/2.8.17) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 3-3 കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ്- അവലോകനം

ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന 2 കുടിവെള്ള പദ്ധതികളിലായി ആകെ 167

ഗാർഹിക കണക്ഷനുകളും 3 വ്യാവസായിക കണക്ഷനുകളുമാണുള്ളത്. ഗാർഹിക കണക്ഷനുകൾക്ക് 32 രൂപയും ഗാർഹികേതര കണക്ഷനുകൾക്ക് 102 രൂപയുമാണ് വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഈടാക്കുന്നത്. ഓരോ പദ്ധതിക്കു കീഴിലും യഥാർത്ഥത്തിലുള്ള കണക്ഷനുകളുടെ എണ്ണം, ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക എന്നിവ രേഖപ്പെടുത്തി ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.

വാർഷിക കണക്കുകൾ പ്രകാരം 2016-17 വർഷത്തെ വെള്ളക്കരം ഡിമാന്റ് 65280/-രൂപയാണ്. തൻവർഷ വരവ് 18702/- രൂപയും കുടിശ്ശിക വരവ് 3490/-രൂപയുമാണ്.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി വൈദ്യുതിചാർജ്, വേതനം, റിപ്പയർ ചാർജ്ജ് ഇനങ്ങളിൽ ഗ്രാമപഞ്ചായത്തിന് വൻ ചെലവ് വരുന്നുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | 104896 |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 72000 |
| അറ്റകുറ്റപണികൾക്കായുള്ള ചെലവ് | 19980 |
| ആകെ | 196876 |

തൻവർഷവും വരവും ചെലവും തമ്മിൽ വലിയ അന്തരമുണ്ട്.

ഓഡിറ്റ് നിർദ്ദേശം

- ഓരോ കുടിവെള്ളപദ്ധതിക്കു കീഴിലും ഉള്ള ഗുണഭോക്താക്കളുടെ കൃത്യമായ കണക്ക് തയ്യാറാക്കി കുടിശ്ശിക വരുത്തിയവരിൽ നിന്നും പിഴ ഉൾപ്പെടെയുള്ള തുക ഈടാക്കേണ്ടതാണ്. വാർഷികകണക്ക് പ്രകാരം തൻവർഷം കുടിശ്ശിക46578/- രൂപയും മുൻവർഷ കുടിശ്ശിക 102683/- രൂപയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
- വെള്ളക്കരമായി ഈടാക്കുന്ന തുക നാമമാത്രമായതിനാൽ ആയത്

കാലഘട്ടത്തിനനുസൃതമായി പരിഷ്കരിക്കുന്നതിനും അധികബാധ്യത ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

- സർക്കാർ ഉത്തരവ് നം.(സാ.) 1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃസമിതി രൂപീകരിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറി കിട്ടിയതും ഗ്രാമ പഞ്ചായത്ത് നേരിട്ടുനടത്തുന്നതുമായ കുടിവെള്ള പദ്ധതികളുടെ ആസ്തി-ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/2.8.17) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 3-4 തെരുവ് വിളക്ക് സ്ഥാപിക്കൽ -വാങ്ങിയ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ല

തെരുവ് വിളക്ക് മെയിന്റനൻസ് എന്ന 753000/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ തുക വകയിരുത്തി പ്രൊജക്ട് നം.45/17 പ്രകാരം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽനിന്നും താഴെപ്പറയും പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർനം. | തുക | ഇൻവോയ്സ് നം. |
|---|---|---|
| ട്രഷറി ബിൽ നം.21/29.3.17 | 663055 | STL 210/22.12.16 |

ടെണ്ടർ മുഖേന വാങ്ങുന്നതിനാണ് പ്രൊജക്ടിൽ ഉദ്ദ്യേശിച്ചിട്ടുള്ളത്. എന്നാൽ ടെണ്ടർപരസ്യം നൽകിയിട്ടുണ്ടെങ്കിലും ടെണ്ടർ നടത്താതെ യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽനിന്നും നേരിട്ട് ഉപകരണങ്ങൾ വാങ്ങുകയാണുണ്ടായത്. 22 ഇനം ഉപകരണങ്ങൾ വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ വരവിലെടുത്തിട്ടുണ്ടെങ്കിലും

സ്ഥാപിച്ചിട്ടില്ല.

എ) തെരുവ് വിളക്ക് മെയിന്റനൻസ് -കെ.എസ്.ഇ.ബിയുടെ സാക്ഷ്യപത്രം ലഭ്യമാക്കി തുക അനുവദിക്കേണ്ടതാണ്

തെരുവ് വിളക്ക് റിപ്പയറിനായി 2016-17 വർഷത്തിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം. | തുക | കരാറുകാരൻ |
|---|---|---|
| 21600081/30.4.16 | 37306 | അഷറഫ്.ബി എച്ച്, ഭരതക്കാട് |
| 21600081/30.4.16 | 54812 | KREWS |

തെരുവ് വിളക്ക് ഉപകരണങ്ങൾ റിപ്പയർ ചെയ്തത് സംബന്ധിച്ച് കെ.എസ്.ഇ.ബി.യിൽ നിന്നും സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാതെയാണ് റിപ്പയറിന് തുക അനുവദിച്ചിട്ടുള്ളത്. റിപ്പയർ ചെയ്ത വിളക്കുകളുടെ വിവരം കെ.എസ്.ഇ.ബി.യിൽ നിന്നും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയതിനുശേഷം മാത്രം തുക അനുവദിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്

പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/2.8.17) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 3-5 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണം

നിർവഹണോദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

വിവിധ ഭവനപദ്ധതികൾക്കായി പാലക്കാട് ബ്ലോക്കിലേക്ക് നൽകിയ താഴെപ്പറയുന്ന തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| പ്രൊജക്ടിന്റെ പേര് | പ്രൊജക്ട് നം. | ചെലവ് | ബിൽ നം. |
|---|---|---|---|
| പി എം എ വൈ – ഗ്രാമപഞ്ചായത്ത് വിഹിതം(ജനറൽ) | 34/17 | 100000 | 4/8.2.17 |

| | | | |
|---|---|---|---|
| പി എം എ വൈ – ഗ്രാമപഞ്ചായത്ത് വിഹിതം(എസ് സി പി) | 35/17 | 660000 | 5/8.2.17 |
| ഐ ഐ വൈ ഭവന നിർമാണം | 137/17 | 400000 | 6/23.3.17 |

പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/2.8.17) പദ്ധതി നടന്നുകൊണ്ടിരിക്കുന്നതിനാലാണ് വിനിയോഗസാക്ഷ്യപത്രം ലഭ്യമാവാത്തതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-6 സംയുക്തപദ്ധതികൾക്കായി ലഭ്യമായ വിഹിതങ്ങൾ വിനിയോഗിച്ചിട്ടില്ല

എ)അങ്കണവാടി പോഷകാഹാര പദ്ധതി – കേന്ദ്രഫണ്ട്

പോഷകാഹാരപദ്ധതിക്കു വേണ്ടി ഓഡിറ്റ് വർഷത്തിൽ ലഭ്യമായ കേന്ദ്രവിഹിതത്തിൽ 1432087/- രൂപ ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ അവശേഷിക്കുന്നു. ചെലവഴിക്കാത്ത കേന്ദ്രഫണ്ട് തുക അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ചെലവഴിക്കേണ്ടതാണ്.

ബി) ശാരീരിക മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിക്കായി ബ്ലോക്ക്പഞ്ചായത്ത് വിഹിതമായി ലഭ്യമായ 46875/- രൂപ പദ്ധതിക്കായി വിനിയോഗിച്ചിട്ടില്ല

സി) സിദ്ധ ഹോസ്പിറ്റലിന്റെ പ്രവർത്തനങ്ങൾക്കായി ഡിപ്പാർട്ടമെന്റിൽനിന്നും ലഭ്യമായ 200000/- രൂപ തുക വിനിയോഗിച്ചിട്ടില്ല

പദ്ധതി തയ്യാറാക്കി തുക വിനിയോഗിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/2.8.17) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 3-7 ഒഴിവാക്കി

## 3-8 മരുന്ന് വാങ്ങൽ പദ്ധതി- നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, ആയുർവേദം

പ്രൊജക്ട് നം. 9/15

മരുന്നുകൾ വാങ്ങുന്നതിനു വേണ്ടി താഴെ പറയും പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്. മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

I. പ്രൊജക്ട്. നം. 26- ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 200000/- -മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ബിൽ നം. 1/15.12.16 – 200000/-

ഔഷധിക്ക് തുക നൽകിയ ഡി.ഡി.നം. 451281/23.12.16 - ₹. 200000/-

ലഭ്യമായ മരുന്നുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നം./തിയതി | തുക | ലഭിക്കുവാനുള്ളത് |
|---|---|---|
| 3119/10.1.17 | 81718 | |
| 4351/27.2.17 | 31914 | |
| 4674/18.3.17 | 64074 | |
| 90022112/20.6.17 | 7325 | |
| ആകെ | 185031 | 14969 |

കൂടാതെ ഇൻവോയ്സ് നം. 4351/27.2.17 പ്രകാരം ലഭിച്ച മരുന്നുകളിൽ താഴെ പറയുന്ന മരുന്നുകൾ ലഭ്യമായിട്ടില്ല.

| മരുന്നിന്റെ പേര് | വാങ്ങിയ അളവ് | നിരക്ക് | വില |
|---|---|---|---|
| സപ്തസാരം കഷായം (200 ml) | 54 ബോട്ടിൽ | 62 | 3348 |

| | | | |
|---|---|---|---|
| സുകുമാരം കഷായം (200ml) | 54 ബോട്ടിൽ | 62 | 3348 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.4/29.7.17ന് മരുന്നുകൾ ലഭ്യമാവാത്ത വിവരം ഔഷധിയെ അറിയിച്ചിട്ടുണ്ടെന്നും മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാം എന്ന് ഔഷധി അറിയിച്ചിട്ടുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി ബില്ലുകളും സ്റ്റോക്കും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-9 മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 34/16, 55/17 – കൂട്ടാല കനാൽ റോഡ് ടാറിംഗ്<br>അടങ്കൽ - 495000/-<br>പി.എ.സി. –494879/-<br>കരാറുകാരൻ - ശ്രീ.സി.എം.ബഷീർ<br>എം.ബുക്ക് നം. - 319/15-16<br>ബിൽ നം. 1/16-17, 26.10.16 | 23.7.15 | 14.8.15 | 8.9.15<br>നം. 50/15-16 /AE/LSGD | 4948 |
| 2 | 74/17- ചാത്തി കഴായി റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ - ₹.300000/-പി.എ.സി. - ₹.297525/-<br>കരാറുകാരൻ - ശ്രീ.സന്തോഷ്.പി.കെ<br>എം.ബുക്ക് നം. - 345/15-16<br>ബിൽ നം. 14/31.3.17 | 12.1.17 | 3.2.17 | 18.2.17<br>നം.18 | 2975 |
| 3 | 65/17- ഞാറക്കോട്ട്കാവ് നടപ്പാത | 12.1.17 | 3.2.17 | 18.2.17<br>നം.19 | 3292 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റിംഗ്<br><br>അടങ്കൽ - ₹. 330000/-<br><br>പി.എ.സി. ₹. 329237/-<br><br>കരാറുകാരൻ - ശ്രീ. പി.കെ.സന്തോഷ്, കോങ്ങാട്<br><br>എം.ബുക്ക് നം. - 347/15-16<br><br>ബിൽ നം. 12/31.3.17 | | | | |
| ആകെ | | | | | 11215 |

ഈടാക്കുവാൻ വിട്ടുപോയ പിഴ ₹.11215 കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.17/2.8.17)

## 3-10 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറങ്ങളുടെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ടതാണ്

2016-17 വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് ഇ-ടെണ്ടർ മുഖേന ടെണ്ടർ വിളിച്ചിട്ടുണ്ട്. ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പനനികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറങ്ങളുടെ എണ്ണം | ടെണ്ടർ ഫോറത്തിന്റെ വില(വാറ്റ് ഉൾപ്പെടെ) | ടെണ്ടർ തിയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | അതാണിപറമ്പ് എസ്.സി.കോളനി റോഡ് കോൺക്രീറ്റിംഗ് | 125000 | 2 | 640 | 10.2.17 |
| 2 | കല്ലൂർ എൽ.പി. സ്കൂൾ മെയിന്റനൻസ് | 250000 | 2 | 1100 | 10.2.17 |
| 3 | ആറങ്ങാട് കൂടലോടി റോഡ് ടാറിംഗ് | 400000 | 2 | 1800 | 10.2.17 |
| 4 | മഞ്ഞക്കര-പാറശ്ശേരി റോഡ് റീടാറിംഗ് | 500000 | 2 | 2200 | 10.2.17 |
| 5 | പൂള്ളോട് റോഡ് റീടാറിംഗ് & കോൺക്രീറ്റിംഗ് | 500000 | 2 | 2200 | 10.2.17 |
| 6 | വള്ളൂർതൊടി തോണിപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ് & സൈഡ് പ്രൊട്ടക്ഷൻ | 500000 | 2 | 2200 | 10.2.17 |
| 7 | വെള്ളറോഡ് കുനിയംപാടം കനാൽ റോഡ് ടാറിംഗ് | 510000 | 2 | 2200 | 10.2.17 |
| 8 | വെള്ളാംകോട് റോഡ് ടാറിംഗ് | 520000 | 2 | 2200 | 10.2.17 |
| 9 | അതിർക്കാട് -കോയിലത്തുംപടി റോഡ് ടാറിംഗ് | 650000 | 2 | 2800 | 10.2.17 |
| 10 | വിവിധ അംഗൻവാടി മെയിന്റനൻസ് | 800000 | 2 | 3400 | 10.2.17 |
| 11 | കക്കോട് മേപ്പാടം റോഡ് കോൺക്രീറ്റിംഗ് | 370000 | 3 | 2400 | 10.2.17 |
| ആകെ | | | | 23140 | |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട ടെണ്ടർ ഫോറത്തിന്റെ വില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി തനത്ഫണ്ടിൽ ഒടുക്കേണ്ടതാണ്. നികുതി തുക വില്പനനികുതി ഓഫീസിൽ ഒടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-11 പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ,

വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്റ്റുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത് / ചെലവഴിച്ചത് | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|
| 53 എണ്ണം | 21 എണ്ണം | 40% |
| 15324363/-രൂ. | 5356704/- രൂ. | 35% |

അംഗീകാരം കിട്ടിയ പ്രൊജക്റ്റുകളിൽ 40% പ്രൊജക്റ്റുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 35 % തുകയെ ചെലവഴിക്കാനും സാധിച്ചിട്ടുള്ളൂ.

അംഗീകാരം ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.16/2.8.17)

## 3-12 മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയർ തൻവർഷം ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ പൊതുവായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. മരാമത്ത് പ്രവൃത്തികളുടെ മിക്ക ഫയലുകളിലും കരാറുകാർക്ക് അയക്കുന്ന സെലക്ഷൻ നോട്ടീസ് സൂക്ഷിക്കുന്നില്ല.

2. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതി, തീരുമാനം നമ്പർ തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല.

3. കരാറുകാരൻ EMD,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങൾക്കായി അസി.എഞ്ചിനീയർക്ക് പ്ലെഡ്ജ് ചെയ്ത് സമർപ്പിക്കുന്ന FD Receipts വർക്ക് ഫയലുകളിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നു. ഇവയുടെ വിവരങ്ങൾ സെക്യൂരിറ്റി രജിസ്റ്ററിൽ

ചേർത്ത് ഇവ സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്.

4. പഞ്ചായത്തിൽ ലഭ്യമായ ടെന്റർ ഫോറങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർക്ക് വിതരണം ചെയ്യുമ്പോൾ ഇവ അസിസ്റ്റന്റ് എഞ്ചിനീയർ സ്റ്റോക്കിലെടുക്കുന്നില്ല. ടെന്റർ ഫോം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5. കരാറുകാരുമായി ചമക്കുന്ന എഗ്രിമെന്റിൽ വിവരങ്ങൾ ഒന്നും രേഖപ്പെടുത്തുന്നില്ല. കരാറുകാരൻ ഒപ്പിടുന്നില്ല.

മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കൃത്യമായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.16/2.8.17)

## 3-13 തൊഴിലുറപ്പ് പദ്ധതി മുഖേന കിണർ നിർമാണം/കിണർ റീചാർജിംഗ് പ്രവർത്തികൾ ചെയ്തത് ശ്ലാഘനീയം

മങ്കര ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ വൈവിധ്യമാർന്ന പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ട്. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തോട്, കനാൽ എന്നിവ വൃത്തിയാക്കലും മണ്ണ് സംരക്ഷണത്തിന്റെ ഭാഗമായി ഭൂവികസനവും കുടിവെള്ള ക്ഷാമം പരിഹരിക്കാനായി കിണർ, കുളം എന്നിവയുടെ നിർമ്മാണവും നടത്തിയിട്ടുണ്ട്.

2016-17 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി മുഖേന 71 പുതിയ കിണറുകൾ നിർമിക്കുകയും നിലവിലുള്ള 28 കിണറുകളിൽ മഴവെള്ള സംരക്ഷണത്തിനായി കിണർ റീചാർജിംഗ് പ്രവർത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കിണർ നിർമാണത്തിനായി 1243920/- രൂപയും റീചാർജിംഗ് പ്രവർത്തനങ്ങൾക്കായി 314551/- രൂപയും ചെലവഴിച്ചിട്ടുണ്ട്. കിണർ നിർമിച്ചതിന്റെയും റീചാർജിംഗ് നടത്തിയതിന്റെയും ഫോട്ടോ ചേർക്കുന്നു.









# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1657670 (571236 -മുന്നിരിപ്പ്+ 1086434) | പൂരക പോഷകാഹാരം | 225583 | 1432087 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 46875 | ശാരീരിക മാനസിക വൈകല്യമുള്ള വർക്ക് സ്കോളർഷിപ്പ് | ---- | 46875 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കിനായി തുകയൊന്നും നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡികകളൊന്നും ഉൾപ്പെട്ടിട്ടില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹. 43686722 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹. 36326366 |
| വരവിനങ്ങളിലുള്ള നഷ്ടം | ---------- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹. 11215 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ----- |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | | |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
| 3-9 | | 11215(പിഴ) | സഫീർ.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 11215 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സഫീർ.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മങ്കര ഗ്രാമപഞ്ചായത്ത് | ഹിറാഫ് 108, ടി.കെ.എം.കോളേജ്, കൊല്ലം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി6-629/96/12.11.96 | മുഴുവൻ |
| 97-98 | എൽ.എഫ്.പി7-1015/01/31.10.01 | മുഴുവൻ |
| 98-99 | എൽ.എഫ്.പി 7-610/02/4.9.02 | മുഴുവൻ |
| 99-2000 | എൽ.എഫ്.പി 12-997/03/31.10.02 | മുഴുവൻ |
| 2000-01 | എൽ.എഫ്.പി 12-8/8.5.04(plan) | മുഴുവൻ |
| 2000-01 | എൽ.എഫ്.പി12-453/A/04/12.8.04 | മുഴുവൻ |
| 2001-02 | എൽ.എഫ്.പി12 -453/B/04/ 12.8.04 | മുഴുവൻ |
| 2002-03 | എൽ.എഫ്.പി12 -929/05/3.2.05 | മുഴുവൻ |
| 2003-04 | എൽ.എഫ്.പി12-929/05/3.2.05 | മുഴുവൻ |
| 2004-05 | എൽ.എഫ്.പി 12-903/07/10.6.08 | മുഴുവൻ |
| 2005-06 | എൽ.എഫ്.പി 12-904/07/10.6.08 | മുഴുവൻ |
| 2006-07 | എൽ.എഫ്.പി 12-537/09/8.3.11 | മുഴുവൻ |
| 2007-08 | എൽ.എഫ്.പി 12-538/09/8.3.11 | മുഴുവൻ |
| 2008-09 | എൽ.എഫ്.പി171365/12/23.12.12 | മുഴുവൻ |
| 2009-10 | എൽ.എഫ്.പി 12-2066/11/23.12.11 | മുഴുവൻ |
| 20010-11 | എൽ.എഫ്.പി 17-1422/13/4.3.14 | പുനരഭിപ്രായക്കുറിപ്പ് |
| 2011-12 | എൽ.എഫ്.പി 17-1175/14/17.7.14 | പുനരഭിപ്രായക്കുറിപ്പ് |
| 2012-13 | എൽ.എഫ്.പി 17-636/15/6.7.15 | പുനരഭിപ്രായക്കുറിപ്പ് |
| 2013-14 | കെ.എസ്.എ.പി.കെ.ഡി17-1180/16/ 25/7/2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2014-15 | കെ.എസ്.എ.പി.കെ.ഡി17-1180/16/ 25/7/2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ-പികെഡി- 17-2253/2016/24.12.2016 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പി.കെ.ഡി.17-1686/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912420145

E-mail – dopkd.ksad@kerala.gov.in

തിയതി -18-09-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അപാകതകളുടെ സംക്ഷിപ്തം

1) ബാങ്ക് അക്കൗണ്ടുകൾ സാംഖ്യയിൽ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല

2) താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്കുകൾ, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

SBI E- payment,

SBI property tax

SBI saksharatha

SBI Hariyali

gramavanam

Distress relief fund

3) ആസ്തികളുടെ ഓപ്പണിംഗ് മൂല്യം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD-17-1686/2017

Kerala State Audit Department

District Audit Office, Palakkad

Date -18-09-2017

## Audit Certificate

Certified that I have audited the Annual Financial Statement of MANKARA Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of MANKARA Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

Abstract of Defects

1) Bank accounts not reconcilled in Sankhya Software

2) Following Bank accounts are not updated and reconcilled properly

SBI E- payment,

SBI property tax

SBI saksharatha

SBI Hariyali

gramavanam

Distress relief fund

3) Asset values not ascertained and linked with Sankhya.

Deputy Director